/564525/2023

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം ,തൈക്കാട്
തിരുവനന്തപുരം -14

Email: director.ims@kerala.gov.in Phone:.04712323960 Website :www.ims.kerala.gov.in

No:D3-2380/2023/DIMS.

തീയതി :21-11-2023

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം:- പാലമേൽ ഇ എസ് ഐ ഡിസ്പെൻസറിയിലെ ഫർമസിസ്റ്റ് ശ്രീമതി ഷൈന്യ.R.V യ്ക്കെതിരായ അച്ചടക്ക നടപടി-സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം അറിയിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. File no.E4-1130/2023/DIMS.

2. No.E1-448/2023/RDD CZ/Ernakulam/Dated.23/05/2023 & 12/10/2023.

3. 04/07/2023തീയതിയിലെ ഇതേ നമ്പർ കുറ്റപത്രം .

4.ശ്രീമതി ഷൈന്യയുടെ പ്രതിവാദ പത്രിക,.

5.പാലമേൽ ഇ എസ് ഐ ഡിസ്പെൻസറി ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസറുടെ 17/10/2023 തീയതിയിലെ 136/2023 നമ്പർ കത്ത്.

പാലമേൽ ഇ എസ് ഐ ഡിസ്പെൻസറിയിലെ ഫർമസിസ്റ്റ് ഗ്രേഡ് II ജീവനക്കാരിയായ ശ്രീമതി ഷൈന്യR.V എന്ന താങ്കൾ 15/03/2023 മുതൽ 0 5 വർഷത്തെ ശൂന്യ വേതന അവധിയ്ക്ക് അപേക്ഷിച്ചിരുന്നു.എന്നാൽ അപേക്ഷ സമയ ബന്ധിതമായല്ല സമർപ്പിച്ചിരുന്നത് എന്നതിനാൽ താങ്കൾക്ക് അവധി അനുവദിക്കുകയുണ്ടായില്ല. തുടർ ന്ന് താങ്കൾ 15/03/2023 മുതൽ 25/03/2023 വരെ ജോലി ചെയ്തതിനുശേഷം 27/03/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാവുകയുണ്ടായില്ല. . ടി വിവരം മേൽ സൂചന (2 )പ്രകാരം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ താങ്കൾക്കെതിരേ KSC (CC & A) Rules 1960,Rule 15 പ്രകാരം അച്ചടക്ക നടപടികൾ ആരംഭിക്കുകയും മേൽ സൂചന (3) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ചെയ്തിരുന്നു.

താഴെപ്പറയുന്ന കുറ്റങ്ങൾ ചുമത്തിയാണ് താങ്കൾക്ക് കുറ്റപത്രം നല്കുകയുണ്ടായത്.

1. പാലമേൽ ഇ എസ് ഐ ഡിസ്പെൻസറിയിൽ ജോലിയിലിരിക്കേ 27/03/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുക വഴി KSR Part I , rule 9 of Appexdix XII A, പ്രകാരം സർവീസിൽ നിന്ന് പുറത്താക്കപ്പെടാവുന്ന ഗുരുതര അച്ചടക്ക ലംഘനം നടത്തി.

2. 25/07/2012 മുതൽ ഈ വകുപ്പിൽ പാലമേൽ ഇ എസ് ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തു വരവേ വിദേശത്ത് തൊഴിൽ സ്വീകരിക്കുന്നതിനായി 15/03/2023 മുതൽ 0 5 വർഷത്തെ ശൂന്യ വേതന അവധിയ്ക്ക് അപേക്ഷിതിനുശേഷം താങ്കൾ 27/03/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാവുകയുണ്ടായില്ല. സർക്കാരിന്റേയോ വകുപ്പിന്റേയോ അനുമതിയില്ലാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുക എന്ന ഗുരുതരമായ കുറ്റം ചെയ്യുകയും ,ചികിത്സാനുകൂല്യങ്ങൾക്കായി ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള പരിരക്ഷിത വ്യക്തികൾക്ക് സേവനം നൽകാതെ ,തന്നിലർപ്പിതമായ നിയമ പരമായ കടമ നിർവഹിക്കാതിരിക്കുകയും

,സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും, പൊതു താല്പര്യത്തിനെതിരായി പ്രവൃത്തിക്കുകയും ചെയ്തു.

കറ്റപത്രത്തിന് താങ്കൾ യഥാസമയം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി .താഴെപ്പറയുന്ന വിവരങ്ങളാണ് താങ്കൾ പ്രതിവാദ പത്രികയിലൂടെ അറിയിക്കുകയുണ്ടായത് :-

"27/03/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകുന്നില്ലായെന്നത് സത്യ വിരുദ്ധമാണ്. 25/07/2012 മുതൽ ഈ വകുപ്പിൽ ജോലി ചെയ്തു വരവേ ആസ്ട്രേലിയയിൽ മികച്ച ജോലി ലഭിച്ച് Work Visa ലഭിച്ചിരുന്നു . 04/03/2023 ന് ലഭിച്ച ടി Visa യിൽ 15/03/2023 മുതൽ 15 ദിവസത്തിനുള്ളിൽ ജോലിയിൽ പ്രവേശിക്കണം എന്നുള്ളതായിരുന്നു നിർദേശം എന്നതിനാൽ 15/03/2023 മുതൽ 0 5 വർഷത്തെ അവധിക്കുള്ള അപേക്ഷ മേലധികാരിക്ക് സമർപ്പിച്ചു.ടി അപേക്ഷ മധ്യ മേഖലാ RDD ഓഫീസിൽ നിന്നും നടപടികൾ സ്വീകരിച്ച് വകുപ്പ് മേധാവിക്ക് അയച്ചു കൊടുക്കുന്നതിൽ വളരെ കാല താമസം ഉണ്ടായതിനാൽ യഥാസമയം അവധി അനുവദിക്കുകയുണ്ടായില്ല.എന്നാൽ അപേക്ഷ നിരസിക്കുകയുമുണ്ടായതുമില്ല.ആയതിനാൽ വിദേശത്ത് ജോലിയിൽ പ്രവേശിക്കേണ്ട അവസാന ദിവസമായ 29/03/2023നു ജോലിയിൽ പ്രവേശിക്കുന്നതിന് വേണ്ടി 27/03/2023 ൽ ഓസ്ട്രേലിയയിലേക്ക് പോയി. 15/03/2023 മുതൽ അവധിക്ക് അപേക്ഷിച്ചിരുന്നെങ്കിലും അവധി അനുവദിച്ചു ലഭിക്കാത്തതിനാൽ IMO യുടെ നിർ ദേശപ്രകാരമായിരുന്നു 1 6 / 0 3 / 2 0 2 3 മുതൽ 2 6 / 0 3 / 2 0 2 3 വരെ ജോലിക്ക് ഹാജരാവുകയുണ്ടായത്.ഐഎംഒ വാക്കാൽ അനുവദിച്ചത് കൊണ്ടാണ് 27/03/2923 ന് ഓസ്ട്രേലിയക്ക് പോവുകയുമുണ്ടായത്. 04/03/2023 നു സമർപ്പിച്ച അപേക്ഷയിൽ 26/03/2023 വരെ ഒരു തടസ വാദവും അറിയിക്കാത്ത സാഹചര്യത്തിൽ സ്വമേധയാ അവധി അനുവദിച്ചു ലഭിക്കും എന്ന ധാരണയിലാണ് വിദേശത്തേക്ക് പോയത്. KSR ഭാഗം I Appendix XII A അനുസരിച്ച് 0 5 വർഷത്തെ ശൂന്യ വേതന അവധിയിൽ വിദേശത്ത് മെച്ചപ്പെട്ട ജോലി സ്വീകരിക്കുന്നതിന് ചട്ടം അനുവദിക്കുന്നു.ഇതിന് വേണ്ടി ഒരു മാസത്തിന് മുൻപ് അവധിക്ക് അപേക്ഷിക്കണമെന്നും,ഒരു മാസത്തിനുള്ളിൽ ടി അപേക്ഷ നിരസിച്ചു നൽകിയില്ലെങ്കിൽ അവധിയിൽ പ്രവേശിക്കുവാനും ചട്ടം അനുവദിക്കുന്നു. 04/03/2023 ന് സമർപ്പിച്ച അപേക്ഷ 26/03/2023 വരെ നിരസിക്കാത്തനാൽ സ്വാഭാവികമായി അവധി അനുവദിച്ചു വരും എന്ന ധാരണയിലാണ് വിദേശത്തേക്ക് പോയത്. ഓസ്ട്രേലിയയിൽ ചേർന്ന ജോലിക്ക് അഞ്ചു വർഷം ജോലി ചെയ്തു കൊള്ളാമെന്ന് കരാർ ചെയ്തിട്ടുള്ളതിനാൽ 27/03/2023 മുതൽ 0 5 വർഷം ഓസ്ട്രേലിയയിൽ ജോലിയിൽ തുടർന്നേ മതിയാകൂ. ടി സാഹചര്യത്തിൽ കുറ്റപത്രം പിൻവലിച്ച് 27/03/2023 മുതൽ 26/03/2028 വരെ KSR ഭാഗം I Appendix XII A പ്രകാരം വർഷത്തെ അവധി അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു".

സമർപ്പിച്ച അവധി അപേക്ഷയിൽ 26/03/2023 വരെ ഒരു തടസ വാദവും അറിയിക്കാത്ത സാഹചര്യത്തിൽ സ്വമേധയാ അവധി അനുവദിച്ചു ലഭിക്കും എന്ന ധാരണയിൽ അവധിയിൽ പ്രവേശിച്ചതായും, വിദേശത്തു പോയതായും, ഓസ്ട്രേലിയയിൽ ജോലിയിൽ പ്രവേശിച്ചതായും, അഞ്ചു വർഷം ജോലി ചെയ്തു കൊള്ളാമെന്ന് കരാർ ഒപ്പിട്ടതായും ,അതിനാൽ 27/03/2023 മുതൽ 0 5 വർഷം ഓസ്ട്രേലിയയിൽ ജോലിയിൽ തുടർന്നേ മതിയാകൂ എന്നും താങ്കൾ പ്രതിവാദ പത്രികയിലൂടെ അറിയിച്ചിട്ടുണ്ട്. താങ്കളുടെ അവധി അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസമുണ്ടായിട്ടില്ലെന്നും,അനുമതിയില്ലാതെ വിദേശത്തുപോയ താങ്കൾക്കെതിരേ കർശന നടപടികൾ സ്വീകരിക്കണമെന്നും 12/10/2023 തീയതിയിലെ മേൽ സൂചന (1) പ്രകാരം മധ്യമേഖലാ RDD അറിയിക്കുകയുണ്ടായി. താങ്കൾ പാലമേൽ ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർക്കെതിരെ ഉന്നയിക്കുകയുണ്ടായതും ,ടി മെഡിക്കൽ ഓഫീസർ അനുവദിച്ചിട്ടാണ് അവധിയിൽ

പ്രവേശിക്കുകയും,വിദേശത്തു പോവുകയും ചെയ്തതെന്ന ആരോപണങ്ങൾ വാസ്തവ വിരുദ്ധമാണെന്നും ,അതിൽ യാതൊരു കഴമ്പുമില്ലെന്നും മേൽസൂചന ( 5 ) പ്രകാരം പാലമേൽ ഐ എം ഒ യും അറിയിക്കുകയുണ്ടായി.സർക്കാർ ജീവനക്കാർക്ക് വിദേശത്തു ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനും,അതിനായി ശൂന്യ വേതന അവധി അനുവദിക്കുന്നതിനും സ്ഥാപന മേധാവിക്ക് അധികാരമില്ലെന്ന വസ്തുതയും ഇവിടെ പ്രസക്തമാണ്. അവധിക്ക് അപേക്ഷിച്ച് ഒരു മാസത്തിനുള്ളിൽ ടി അപേക്ഷ നിരസിച്ചു നൽകിയില്ലെങ്കിൽ സ്വയം അവധിയിൽ പ്രവേശിക്കുവാനും,അനുമതിയില്ലാതെ രാജ്യം വിട്ടു പോകാനും,വിദേശത്ത് തൊഴിൽ സ്വീകരിക്കാനും സർക്കാർ ജീവനക്കാരെ ഒരു ചട്ടവും അനുവദിക്കുന്നില്ല. .ആയതിനാൽ താങ്കളുടെ പ്രതിവാദ പത്രികയിൽ നിന്നും ,മധ്യമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ,പാലമേൽ ഐഎംഒ എന്നിവരുടെ റിപ്പോർട്ടുകളിൽ നിന്നും പ്രതിവാദ പത്രികയിലൂടെ താങ്കൾ ഉന്നയിച്ചിരിക്കുന്ന വാദമുഖങ്ങൾ വാസ്തവ വിരുദ്ധമാണെന്നും 27/03/2023 മുതൽ വിദേശത്ത് തൊഴിൽ സ്വീകരിക്കുന്നതിനായി 15/03/2023 മുതൽ 0 5 വർഷത്തെ ശൂന്യ വേതന അവധിയ്ക്ക് അപേക്ഷിച്ചതിന് ശേഷം ,വകുപ്പ് മേധാവി ടി അവധി അനുവദിക്കുന്നതിന് മുൻപ് തന്നെ സ്വയം അവധിയിൽ പ്രവേശിക്കുകയും,അനുമതിയില്ലാതെ വിദേശത്ത് പോവുകയും ,അവിടെ തൊഴിൽ സ്വീകരിക്കുകയും ചെയ്തതായി സംശയ ലേശമന്യേ തെളിയുന്നു.

ചികിത്സാനുകൂല്യങ്ങൾക്കായി ഇൻഷ്വർ ചെയ്യപ്പെട്ടിട്ടുള്ള പരിരക്ഷിത വ്യക്തികൾക്ക് മരുന്ന് വിതരണം ചെയ്യുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള സർക്കാർ ഫാർമസിസ്റ്റ് ജീവനക്കാരിയായ താങ്കൾ, 27/03/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും തന്നിലർപ്പിതമായ നിയമ പരമായ കടമ നിർവഹിക്കാതിരിക്കുകയും,പൊതു താല്പര്യത്തിനെതിരായി പ്രവൃത്തിക്കുകയും , സർക്കാരിന്റെയോ വകുപ്പിന്റേയോ അനുമതിയില്ലാതെ വിദേശത്ത് പോവുകയും ,അവിടെ തൊഴിൽ സ്വീകരിക്കുകയും ചെയ്തത് വഴി സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്തിരിക്കുന്നു.

ആയതിനാൽ 27/03/2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുകയും, സർക്കാരിന്റെയോ വകുപ്പിന്റേയോ അനുമതിയില്ലാതെ വിദേശത്ത് പോവുകയും ,അവിടെ തൊഴിൽ സ്വീകരിക്കുകയും,അടുത്ത അഞ്ച് വർഷത്തേക്ക് മടങ്ങിവരാൻ കഴിയില്ലായെന്നറിയിക്കുകയും ചെയ്ത ശ്രീമതി ഷൈന്യ.R.V യെന്ന താങ്കളെ അച്ചടക്ക നടപടിയുടെ ഭാഗമായി 27/03/2023 പ്രാബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കിട്ടി 15 ദിവസത്തിനകമോ ,നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകമോ താങ്കൾക്ക് രേഖാമൂലം ബോധിപ്പിക്കാവുന്നതാണ്.അല്ലാത്ത പക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് ഒന്നും ബോധിപ്പിക്കാനില്ലെന്ന നിഗമനത്തിൽ, മേൽ താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Malini S
Date: 21-11-2023 10:56:36

ഡോ. മാലിനി. എസ്
ഡയറക്ടർ ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്

സ്വീകർത്താവ്

/564525/2023

Smt.Shynya.R.V
Pharmacist
ESI Dispensary,Palamel, Alappuzha istrict.
(Through IMO & shynya.rv@gmail.com)

പകർപ്പ്:-

1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, മദ്ധ്യ മേഖല , എറണാകുളം.
2. IMO,ESID,Palamel
3. ഇ4 സെക്ഷൻ. 4.website/Email. 5.ഫയൽ/സ്റ്റോക്ക്ഫയൽ.